"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - പാലക്കാട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (നിലവിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ) ശ്രീ.റോബർട്ട് വി.ക്കെതിരായ അച്ചടക്കനടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.188/2026/TAXES തീയതി, തിരുവനന്തപുരം, 16-02-2026**

---

പരാമർശം:- 1. വിജിലൻസ് വകുപ്പിന്റെ 22.03.2025-ലെ എ2/46/2025-വിജി നമ്പർ കത്ത്

2. 29.04.2025-ലെ എഫ്2/45/2025-നികുതി നമ്പർ കുറ്റാരോപണ മെമ്മോ

3. ശ്രീ. റോബർട്ട് വി. 09.06.2025-ൽ സമർപ്പിച്ച പ്രതിവാദ പത്രിക

4. എക്സൈസ് കമ്മീഷണറുടെ 18.06.2025-ലെ EXC/2244/2025-XE4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ്, റേഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ് എന്നിവിടങ്ങളിൽ എക്സൈസ് വകുപ്പിൽനിന്നും നൽകേണ്ട വിവിധ സേവനങ്ങൾ സമയത്ത് നൽകാതെ ക്രമക്കേട് നടത്തുന്നു എന്ന ആരോപണത്തിന്മേൽ 09.04.2024-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (വി.എ.സി.ബി.) പാലക്കാട് യൂണിറ്റ് പാലക്കാട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പ് ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2) പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ/അപാകതകൾ ചുവടെ ചേർക്കുന്നു;

i) വിമുക്തി പദ്ധതിയുടെ ഭാഗമായി സ്പോർട്സ് മെറ്റീരിയൽസ് വാങ്ങിയതിൽ സുതാര്യതയില്ല.

ii) രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നതായി കാണുന്നില്ല.

3) മേൽ അപാകതകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർ;

മേൽ പറഞ്ഞ 1-ഉം 2-ഉം ക്രമക്കേടുകൾക്ക് പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായ ശ്രീ. റോബർട്ട് വി. (PEN: 206228), പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഓഫീസിലെ മാനേജറായ ശ്രീ. റിയാസ് എം. (PEN: 518811)

4) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ/അപാകതകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് ചുവടെ ചേർക്കും പ്രകാരം ശിപാർശ ചെയ്തിരുന്നു;

"മേൽപറഞ്ഞ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് വകുപ്പിന് നിർദ്ദേശം നൽകുന്നതിനായി ശിപാർശ ചെയ്തുകൊള്ളുന്നു".

5) വിജിലൻസ് വകുപ്പിന്റെ മേൽശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം നടപടി സ്വീകരിച്ചിരുന്നു;

i) പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആയിരുന്ന ശ്രീ.റോബർട്ട് വി.ക്കെതിരെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് 1960-ലെ Kerala Civil Services (Classification, Control & Appeal) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്കനടപടി സ്വീകരിച്ചു, അതിൻപ്രകാരം ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

ii) പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഓഫീസിലെ മാനേജരായ ശ്രീ.റിയാസ് എം.നെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

6) കുറ്റാരോപണ മെമ്മോയ്ക്കെതിരെ മുൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ. റോബർട്ട് വി. പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രിക എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു. ടി പ്രതിവാദപത്രികയിൽ അച്ചടക്കനടപടി തീർപ്പാക്കുന്നതിനു മുൻപായി ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

7) നേരിൽകേട്ട വേളയിലും, കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച

പ്രതിവാദപത്രികയിലും ടിയാൻ ചുവടെ ചേർക്കും പ്രകാരം ബോധിപ്പിക്കുകയുണ്ടായി:

"കൊല്ലം ജില്ലാ സ്വദേശിയായ ഞാൻ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി 15.02.2024 തീയ്യതി മുതൽ 31.07.2024 വരെ ജോലി നോക്കിയിരുന്നു. പാലക്കാട് ജില്ലയിൽ 13 എക്സൈസ് റേഞ്ച് ഓഫീസുകളും 5 എക്സൈസ് സർക്കിൾ ഓഫീസുകളും 1 എക്സൈസ് സ്പെഷ്യൽ സ്ക്വാഡും, ഒരു അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡും, 5 ഡിസ്റ്റിലറികളും വാളയാർ അടക്കം 9 എക്സൈസ് ചെക്ക്പോസ്റ്റുകളും, 2 എഫ്.എൽ.9 വെയർഹൗസും അടക്കം ആകെ 36 ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും മേൽനോട്ടവും ഏകോപനവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി പ്രമോഷൻ ലഭിച്ച് പാലക്കാട് പോസ്റ്റിംഗ് ലഭിച്ച ഞാൻ ആത്മാർത്ഥമായും സത്യസന്ധമായും ആണ് ചെയ്തു വന്നിരുന്നത്.

പാലക്കാട് എക്സൈസ് ഡിവിഷൻ ഓഫീസിൽ P1 മുതൽ P7 വരെ സീറ്റുകളിലെ 7 ജീവനക്കാർ മുഖേനയാണ് ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും നിയന്ത്രിച്ചും വരുന്നത്. ഇതുകൂടാതെ സർക്കിൾ ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു മാനേജർ, 2 ഓഫീസ് അറ്റൻഡർമാരും, 2 ടൈപ്പിസ്റ്റുകളും, മേൽപ്പടി സീറ്റുകളെ സഹായിക്കുന്നതിനായി 9 സ്പെഷ്യൽ ഡ്യൂട്ടിക്കാരും 2 പാറാവ് ഡ്യൂട്ടിക്കാരും അടക്കം ആകെ 23 പേർ ഓഫീസിലുണ്ട്. എഫ്.എൽ-3, SP6, SP7 തുടങ്ങിയ Fixed fee ലൈസൻസുകൾ പുതുക്കൽ, ലൈസൻസ് നല്കൽ തുടങ്ങിയവ P6 സീറ്റിൽ നിന്നാണ് ചെയ്തുവരുന്നത്. ടി സീറ്റിന്റെ ചുമതല അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ സനൽ പി.എൻ.നാണ് ഉണ്ടായിരുന്നത്.

ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ, വിമുക്തി സംബന്ധിച്ച കാര്യങ്ങൾ എന്നിവ ചെയ്തുവന്നിരുന്നത് P4 സീറ്റാണ്. അതിന്റെ ചുമതല അസി.എക്സൈസ് ഇൻസ്പെക്ടർ സതീശ് കുമാർ എം.നാണ് ഉണ്ടായിരുന്നത്. വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്ന വിമുക്തി പദ്ധതിയാണ് "ഉണർവ്വ്". ഒരു ജില്ലയിലെ ഒരു സ്കൂൾ തെരഞ്ഞെടുത്ത് വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കായിക ലഹരിയിലേക്ക് എത്തിക്കുന്നതാണ് ടി പരിപാടി. പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ പട്ടൻഞ്ചേരി ഗവ.എച്ച്.എസ്.എസ്. ആണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നത്. ആയതിലേക്കായി കായിക ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി Rs.5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) ബഹു. എക്സൈസ് കമ്മീഷണർ 13.11.2023-ാം തീയതിയലെ EXC/3845/2023-Vimukthi-3-ാം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഇത്തരം കാര്യങ്ങൾക്കുള്ള കായിക ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി GeM (Government e Market Place) എന്ന ഓൺലൈൻ പോർട്ടൽ ആണ് ഉപയോഗിക്കേണ്ടതെന്ന് മേലധികാരത്തിൽനിന്നും നിർദ്ദേശം ഉള്ളതാണ്. GeM മുഖേന വാങ്ങാൻ കഴിയാത്തവ Store Purchase മാന്വലിലെ നിലവിലെ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് വാങ്ങാവുന്നതാണെന്നും നിർമ്മാണ

പ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ ടെണ്ടർ നടപടികൾ, ക്വട്ടേഷനുകൾ, കരാറുകൾ എന്നിവ ഉറപ്പാക്കേണ്ടതുമാണെന്നും ബഹു. എക്സൈസ് കമ്മീഷണറുടെ **13.11.2023** നമ്പർ **EXC/3845/2023/Vimukthi-3** കത്തിലെ പൊതുനിർദ്ദേശങ്ങൾ യഥാക്രമം ക്രമനമ്പർ (4), (6) എന്നിവ പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു. കൂടാതെ, ടി ഉത്തരവ് ക്രമ. നം (7) പ്രകാരം ടി തുക സമയബന്ധിതമായി (2024 മാർച്ച് 31-നകം) ചെലവഴിക്കേണ്ടതായും ഉണ്ടായിരുന്നു. മുൻപ് **GeM**-ൽനിന്നും കളിസാധനങ്ങൾ വാങ്ങുന്നതനായി ഓർഡർ ചെയ്തിരുന്നു. (ഉത്തരവ് നം. **P4-6681/2023** തീയതി **28.11.2023**, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പാലക്കാട്) എന്നാൽ **GeM** മുഖേന ലഭ്യമല്ലാത്തവ **Store Purchase Manual** ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മറ്റു സ്രോതസ്സുകൾ മുഖാന്തരം വാങ്ങിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് ഉത്തരവ് നമ്പർ **P4 6681/2023** തീയതി **05.01.2024** പ്രകാരം മുൻ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്, മുൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ **P4-6681/2023** തീയതി **05/01/2023** ഉത്തരവ് പ്രകാരം **GeM** മുഖേന വാങ്ങാൻ സാധിക്കാത്ത **10** ഇനം കളി ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ക്വട്ടേഷനുകൾ കുറഞ്ഞ തുക രേഖപ്പെടുത്തിയ **AB Textiles & Sports, Koduvayur**-ന്റെ ക്വട്ടേഷൻ **(Rs.70420/-)** സ്വീകരിച്ചുകൊണ്ട് കളി ഉപകരണങ്ങൾ നിയമാനുസരണം വാങ്ങിയിട്ടുള്ളതാണ്. പാലക്കാട് മുൻ ഡെപ്യുട്ടി എക്സൈസ് കമ്മീഷണറുടെ **P4-6681/2023** തീയതി **16.01.2024** ഉത്തരവ് പ്രകാരം **GeM** മുഖേന വാങ്ങാൻ സാധിക്കാത്ത മറ്റു **11** ഇനം കളിയുപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതും ആയതു പ്രകാരം ലഭിച്ച ക്വട്ടേഷനുകൾ കുറഞ്ഞ തുക **(Rs. 67,410)** രേഖപ്പെടുത്തിയ **YesG Sports, Almas Tower, Chittur Road, Koduvayur** എന്ന സ്ഥാപനത്തിൽ നിന്നും കളിയുപകരണങ്ങൾ നിയമാനുസരണം വാങ്ങിയിട്ടുള്ളതുമാണ്.

**GeM**-ൽ ടി കളി ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാലും സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് അനുവദിച്ച തുക വിനിയോഗിക്കുന്നതിനുമാണ് അടിയന്തരനടപടി സ്വീകരിച്ച് ഇപ്രകാരം ചെയ്തത്. ആകെ **2** ക്വട്ടേഷനുകളിലായി **Rs. 70,240/-** രൂപ, **Rs 67,410/-** രൂപ എന്നിങ്ങനെ ആകെ **1,37,650/-** രൂപയ്ക്കുള്ള കളിസാധനങ്ങളാണ് ടി ക്വട്ടേഷനുകൾ മുഖേന "ഉണർവ്വ്" പദ്ധതിക്കായി വാങ്ങിയത്. ടി കളിയുപകരണങ്ങൾ ഞാൻകൂടി പങ്കെടുത്ത പരിപാടിയിൽവച്ച് സ്കൂൾ അധികാരികൾക്ക് ബഹു. പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ കൈമാറുകയും ചെയ്തിട്ടുള്ളതുമാണ്. **Store Purchase Manual** ചട്ടപ്രകാരം **1** ലക്ഷം (ഒരു ലക്ഷം) തുക വരുന്ന സർക്കാർ വാങ്ങലുകൾക്ക് ക്വട്ടേഷൻ മതിയാകും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങൾകൊണ്ടും ഉത്തമബോധ്യത്തിലുമാണ് ഞാൻ ടി കാര്യങ്ങൾ ചെയ്തിട്ടുള്ളത്. മുൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുക മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളതും ആയതിലെ ബാക്കി തുക Rs..2507/- രൂപ തിരികെ നിയമപ്രകാരം ട്രഷറിയിൽ അടവ് വരുത്തിയിട്ടുള്ളതുമാണ്.

അരിഷ്ടാസവങ്ങളുടെ നിർമ്മാണ/വില്പനയുമായി ബന്ധപ്പെട്ട് നല്കുന്ന SP6, SP7 തുടങ്ങിയ ലൈസൻസുകളുടെ പുതുക്കൽ, റദ്ദാക്കൽ തുടങ്ങിയവ എക്സൈസ് ഡിവിഷൻ ഓഫീസിലെ P6 സീറ്റിലാണ് ചെയ്തു വന്നിരുന്നത്. ടി സീറ്റിന്റെ ചുമതല അസി. എക്സൈസ് ഇൻസ്പെക്ടർ ശ്രീ. സനൽ പി.എൻ.ന് ആണ് ഉണ്ടായിരുന്നത്. 2024 വർഷത്തിൽ പുതിയ SP6, SP7 ലൈസൻസുകൾക്കായി 2 അപേക്ഷകൾ ലഭിച്ചിരുന്നു. ആയത് നിയമപ്രകാരമുള്ള ഫീസ് ഈടാക്കി നല്കിയിരുന്നു. ഇത്തരം അപേക്ഷകൾ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പരിശോധിച്ച് ബോധ്യപ്പെട്ട് മതിയായ രേഖകൾ സഹിതം "Service Plus" പോർട്ടലിലൂടെ ഓൺലൈൻ ആയിട്ടാണ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ഓഫീസിലേക്ക് സമർപ്പിക്കുന്നത്. ഇത്തരം സമാനസേവനങ്ങൾക്കായി ആണ് സർവ്വീസ് പ്ലസ് എന്ന പ്രത്യേക ഓൺലൈൻ ഫ്ലാറ്റ്ഫോം നിലവിൽ ഉള്ളത്. ഓൺലൈൻ മുഖേനയാണ് ഇത്തരം കാര്യങ്ങൾ ചെയ്തുവരുന്നത്. ടി SP6, SP7 അപേക്ഷ ലഭിച്ച തീയതിയും പുതുക്കി നല്കിയ തീയതിയും അടക്കമുള്ള കാര്യങ്ങൾ എല്ലാം ടി സർവ്വീസ് പ്ലസ്സ് പരിശോധിച്ചാൽ കാണാൻ സാധിക്കും. പരിശോധനയിൽ ടി അപേക്ഷകൻ 06.04.2024-ന് ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് സമർപ്പിച്ചത് എക്സൈസ് ഡിവിഷൻ ഓഫീസിലെ സർവ്വീസ് പ്ലസ്സ്-ൽ 12.04.2024 തീയതി ലഭിച്ചിട്ടുള്ളതും തുടർന്ന് മതിയായ പരിശോധനകൾക്കുശേഷം സർക്കാറിലേക്കുള്ള ഫീസ് അടയ്ക്കാൻ 12.04.2024-ാം തീയതിതന്നെ നിർദ്ദേശം ഓൺലൈൻ ആയി നല്കിയിട്ടുള്ളതും തുടർന്ന് അപേക്ഷകൾ 25.04.2024-ാം തീയതിയിൽ ഫീസ് അടച്ചതിനെ തുടർന്ന് 27.04.2024-ാം തീയതിയിൽതന്നെ ടി SP6, SP7 ലൈസൻസുകൾ നല്കിയിട്ടുള്ളതുമാണ്. ടി നടപടികൾ എല്ലാം അനുവദനീയ സമയപരിധിക്കകം നിയമപ്രകാരമാണ് ചെയ്തിട്ടുള്ളത്. ടി കാര്യങ്ങൾ എല്ലാം സർവ്വീസ് പ്ലസ് പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്. SP6, SP7 തുടങ്ങിയ Fixed Fee ലൈസൻസ് വിവരങ്ങൾ രേഖപ്പെടുത്തുന്ന "Fixed Fee" രജിസ്റ്ററിൽ ടി അപേക്ഷകൾ ലഭിച്ച തീയതിയും നല്കിയ തീയതിയും സാധാരണ രേഖപ്പെടുത്താറില്ല. ആയത് ഓൺലൈൻ plat form ആയ സർവ്വീസ് പ്ലസ്സിൽ ആണ് ഉള്ളത്. ആയതിനാൽ ഇപ്രകാരം രേഖപ്പെടുത്തലുകൾ ചെയ്യാതിരുന്നത് മനപ്പൂർവ്വമല്ലായെന്ന് ബോധിപ്പിക്കുന്നു. ബന്ധപ്പെട്ട Fixed Fee രജിസ്റ്ററിൽ ടി ആവശ്യമായ വിവരങ്ങൾ അടക്കം യഥാസമയം രേഖപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി ഞാൻ ചുമതലയേറ്റശേഷം പാലക്കാട് ജില്ലയിലെ എൻഫോഴ്സ്മെന്റ്, വിമുക്തി പ്രവർത്തനങ്ങൾ കാര്യക്ഷമമായും കുറ്റമറ്റ രീതിയിലും ആണ് നടത്തി വന്നിരുന്നത്. ദേശീയപാതയിലെ എൻഫോഴ്സ്മെന്റ് യൂണിറ്റായ ഹൈവേ പട്രോളിങ് പാർട്ടി,

ജില്ലയിൽ വേലന്താവളം മുതൽ ചെമ്മണാംപതിവരെയുള്ള അതിർത്തികളിലെ ഊടുവഴികളിലെ വ്യാജങ്ങൾ തടയുന്നതിനായുള്ള KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) പാർട്ടി എന്നീ സ്പെഷ്യൽ യൂണിറ്റുകളടക്കം മികച്ച പ്രവർത്തനമാണ് നടത്തിവന്നത്. മദ്യഷോപ്പുകളില്ലാത്ത അട്ടപ്പാടി മേഖലയിലും ഉദ്ദേശം 2,25,000 ലിറ്റർ കള്ള്, ദിവസേന മറ്റു ജില്ലകളിലേക്ക് കടത്തിക്കൊണ്ടുപോകുന്ന ചിറ്റൂർ മേഖലയിലുമടക്കം മികച്ച പ്രവർത്തനങ്ങളാണ് ഞാൻ ചുമതലയേറ്റശേഷം നടത്തിവന്നിരുന്നത്. വാളയാർ ചെക്ക് പോസ്റ്റിലും ടി കാലയളവിൽ മെച്ചപ്പെട്ട എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്തിട്ടുള്ളതാണ്.

ഞാൻ ചുമതലയേറ്റശേഷം, 15.02.2024 മുതൽ 31.07.2024 വരെ പാലക്കാട് ജില്ലയിൽ 813 അബ്കാരി കേസുകളും 185 എൻ.ഡി.പി.എസ്. കേസുകളും 2929 കോട്പാ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലായി ആകെ 327.75 ലിറ്റർ ചാരായം, 270 ലിറ്റർ സ്പിരിറ്റ്, 3129.3 ലിറ്റർ Indian Made Foreign Liquor, 71.5 ലിറ്റർ ബിയർ, 10625 ലിറ്റർ കള്ള്, 22128 ലിറ്റർ വാഷ്, 5.06 ലിറ്റർ Illicit liquor, 40.39 ലിറ്റർ Other State Liquor, 616.281Kg കഞ്ചാവ്, 1063 കഞ്ചാവ് ചെടി, 229 gm ഹെറോയിൻ, 2.655 Kg ഹാഷിഷ് ഓയിൽ, 117.752 gm മെത്താഫിറ്റമിൻ, 18.92 gm നൈട്രോസെപ്പാം ടാബ്ലറ്റ്, 778.695 Kg പുകയില ഉത്പന്നങ്ങൾ, കുഴൽ പണമടക്കം 6450000/- രൂപ, 40 വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുള്ളതാണ്. കൂടാതെ, 7131 ലൈസൻസ്ഡ് സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുള്ളതും 855 സാമ്പിളുകൾ രാസപരിശോധനക്കായി ശേഖരിച്ചിട്ടുള്ളതുമാകുന്നു.

ജില്ലയിലെ വിമുക്തി പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തിയിരുന്നു. 15.02.2024 മുതൽ 31.07.2024 വരെ ജില്ലയിലാകെ സ്കൂൾതലത്തിൽ 2119 വിമുക്തി പരിപാടികളും കോളേജുതലത്തിൽ 174 വിമുക്തി പരിപാടികളും ആദിവാസിമേഖലകളിൽ 1182 വിമുക്തി പരിപാടികളും പൊതുജനങ്ങൾക്കായി 1036 വിമുക്തി പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ PSC കോച്ചിംഗ്, വിദ്യാർത്ഥികൾക്കായി ജൂഡോ പരിശീലനം തുടങ്ങിയ നൂതനപരിപാടികളും നടപ്പാക്കിയിരുന്നു.

പാലക്കാട് ജില്ലയിലെ കള്ളുഷാപ്പുകൾ അടക്കമുള്ള ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ഞാൻ ചുമതലയേറ്റശേഷം നിരീക്ഷണവും പരിശോധനയും ശക്തിപ്പെടുത്തിയിരുന്നു. ആയതിന്റെ ഫലമായി 24.04.2024 തിയ്യതിയിൽ പാലക്കാട് റേഞ്ച് പരിധിയിലെ "അമ്പാടി റീജൻസി" എന്ന FL3 സ്ഥാപനത്തിനെതിരെയും അന്നേദിവസംതന്നെ ഒറ്റപ്പാലം റേഞ്ച് പരിധിയിലെ "കൊട്ടാരം റീജൻസി" എന്ന FL3 സ്ഥാപനത്തിനെതിരെയും ലൈസൻസ് ലംഘനത്തിന് ഞാൻ നേരിട്ട് പരിശോധന നടത്തി അതാത് അധികാരപരിധിയിലെ Circle Inspector/Excise Inspector-മാരെക്കൊണ്ട് കേസ്

എടുപ്പിച്ചിട്ടുള്ളതാണ്. ഇതുകൂടാതെ, ഞാൻ ചുമതലയേറ്റശേഷം, **15.02.2024** മുതൽ **31.07.2024** വരെ കള്ളുഷാപ്പുകൾ കേന്ദ്രീകരിച്ച് ലൈസൻസ് ലംഘനങ്ങൾക്കായി ആകെ **11** അബ്കാരി കേസുകൾ കണ്ടെടുത്ത് **25** പേരെ പ്രതികളായി ചേർത്തിട്ടുള്ളതും വിദേശ മദ്യഷോപ്പുകൾ **(FL3)** കേന്ദ്രീകരിച്ച് **10** കേസുകൾ കണ്ടെടുത്ത് **16** പേരെ പ്രതികളായി ചേർത്തിട്ടുള്ളതുമാണ്.

**KEMU**, ഹൈവേ പട്രോളിംഗ് എന്നീ സ്പെഷ്യൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഈ കാലയളവിൽ ഞാൻ ശക്തിപ്പെടുത്തിയിട്ടുള്ളതാണ്. **KEMU**, ഹൈവേ പട്രോളിംഗ് ടീമുകൾ എന്റെ മേൽനോട്ടനിർദ്ദേശങ്ങളുടെ ഭാഗമായി നിരവധിയായ കേസുകൾ കണ്ടെടുത്തിട്ടുണ്ട്. **KEMU 08.03.2024** തിയ്യതിയിൽ **8.430** കിലോ കഞ്ചാവ് വേലന്താവളം ചെക്ക് പോസ്റ്റ് പാർട്ടിയുമായി ചേർന്ന് കണ്ടെടുത്തിട്ടുള്ളതും ആയത് ചിറ്റൂർ റേഞ്ചിൽ **NDPS CR No.03/2024**ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്. **KEMU** പാലക്കാട് ജില്ലയിൽ രൂപീകരിച്ചശേഷം ആദ്യമായാണ് ഇത്തരത്തിൽ ഒരു **Major NDPS** കേസ് കണ്ടെടുക്കുന്നത്. ഹൈവേ പട്രോളിംഗ് പാർട്ടിയും മികച്ച കേസുകൾ കണ്ടെടുത്തിട്ടുണ്ട്. ഞാൻ ചുമതലയേറ്റശേഷം **KEMU** പാർട്ടി ജില്ലയിലാകെ **7** കേസുകളും ഹൈവേ പട്രോളിംഗ് പാർട്ടി ജില്ലയിലാകെ **7** കേസുകളും കണ്ടെടുത്തിട്ടുള്ളതാണ്. ആലത്തൂരിലെയും, പറളിയിലെയും കള്ളുപരിശോധന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഞാൻ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നു. എല്ലാ ദിവസങ്ങളിലും ഇവിടങ്ങളിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ **6.30 AM**-നും **7 AM**-നും ഇടയിൽ എന്നെയും അസി.എക്സൈസ് കമ്മീഷണറെയും ഫോണിൽ വിളിച്ച് തൽസ്ഥിതി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഞാൻ നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് ചെയ്തുവന്നിരുന്നു. ഞാൻ ചുമതലയേറ്റശേഷമാണ് ഇപ്രകാരം ഒരു സംവിധാനം നടപ്പിൽ വരുത്തിയത്.

ജില്ലയിൽ സബ്ഓഫീസുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനും അതാത് ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് താഴെപറയുന്ന വാട്സാപ് ഗ്രൂപ്പുകൾ ഞാൻ രൂപീകരിച്ചിട്ടുള്ളതാണ്. ആലത്തൂർ, പറളി എന്നീ കള്ളുപരിശോധനാ കേന്ദ്രങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി "കള്ളു ചെക്കിംഗ് സ്റ്റേഷൻ ആലത്തൂർ, പറളി" എന്ന പേരിൽ ഒരു വാട്സാപ് ഗ്രൂപ്പും, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി **"ECP's Official Group Palakkad"** എന്ന പേരിൽ ഒരു വാട്സാപ് ഗ്രൂപ്പും, ഡിസ്റ്റിലറികളുടെ പ്രവർത്തനം **"Distilleries, Brewery and Warehouse Group Palakkad"** എന്ന പേരിൽ ഒരു വാട്സാപ് ഗ്രൂപ്പും, അതിർത്തി ജില്ലയായ തമിഴ്നാടുമായി ചേർന്ന് ഇന്റർ സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി **"KERALA TAMILNADU Border Surveillance"** എന്ന പേരിൽ ഒരു വാട്സാപ് ഗ്രൂപ്പും ഞാൻ ചുമതലയേറ്റശേഷം രൂപീകരിച്ചിട്ടുള്ളതും ആയത് സജീവമായി പ്രവർത്തിച്ച് വന്നിരുന്നതുമാണ്.

പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള CCTVയിലെ ദൃശ്യങ്ങൾ എക്സൈസ് ഡിവിഷൻ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടർ മുഖേന പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം ഞാൻ നൽകിവരികയും "CCTV സർവ്വയലൻസ് രജിസ്റ്റർ" അടക്കമുള്ള രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചുവരുന്നതുമാണ്. ഇപ്രകാരം ചെക്ക്പോസ്റ്റ് CCTV സർവ്വയലൻസ് രജിസ്റ്റർ ഞാൻ ചുമതലയേറ്റശേഷമാണ് നടപ്പിലാക്കിയത്. കൂടാതെ, കള്ളുതോപ്പ് പരിശോധന രജിസ്റ്റർ, ഹൈവേ പട്രോളിംഗ് രജിസ്റ്റർ, KEMU രജിസ്റ്റർ, കസ്റ്റഡിപ്രതി രജിസ്റ്റർ, സീസ്ഡ് വെഹിക്കിൾ രജിസ്റ്റർ തുടങ്ങിയ മറ്റു പുതിയ രജിസ്റ്ററുകളും ഞാൻ ചുമതലയേറ്റശേഷം ആണ് maintain ചെയ്തു തുടങ്ങിയതും തുടർന്ന് പാലക്കാട് ഡിവിഷൻ ഓഫീസിൽ പരിപാലിച്ചു വരുന്നതും.

പാലക്കാട് ജില്ലയിൽ ഞാൻ ചുമതലയേറ്റശേഷം എല്ലാ സബ് ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിരുന്നു. വിവിധ അബ്കാരി, എൻ.ഡി.പി.എസ്. കേസുകളിലായി പിടികൂടിയ 450-ൽ പരം വാഹനങ്ങൾ മേനോൻപാറയിലെ KSBC FL9 വെയർഹൗസ് കോമ്പൗണ്ടിലാണ് വെയിലും മഴയുമേറ്റ് കാലാകാലങ്ങളായി സൂക്ഷിച്ചുവരുന്നത്. ഞാൻ ചുമതലയേറ്റശേഷം ടി വാഹനങ്ങളുടെ ഒരു ഫിസിക്കൽ ഓഡിറ്റിംഗ് നടത്തുകയും സുരക്ഷാ മാനദണ്ഡങ്ങൾ കൂട്ടുന്നതിനടക്കമുള്ള അഭിപ്രായങ്ങൾ 03.07.2024 തിയ്യതിയിലെ P3-8033/18 നമ്പർ കത്തായി ബഹു. എക്സൈസ് കമ്മീഷണർക്കും മറ്റ് മേലുദ്യോഗസ്ഥർക്കും നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ ടി വാഹനങ്ങളുടെ ഫിസിക്കൽ ഓഡിറ്റിംഗ് ആദ്യമായിട്ടാണ് നടത്തപ്പെട്ടിട്ടുള്ളത്.

കൂടാതെ, 2021 കാലഘട്ടം മുതൽ മുടങ്ങിക്കിടന്നിരുന്ന സബ് ഓഫീസുകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നടത്തേണ്ടതായിട്ടുള്ള ആഭ്യന്തരപരിശോധനകൾ ഞാൻ ചുമതലയേറ്റശേഷം നടത്തി റിപ്പോർട്ടുകൾ യഥാസമയം മേലുദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. 2021-22, 2022-23, 2023-24 സാമ്പത്തികവർഷങ്ങളിലെ മുടങ്ങിക്കിടന്ന ആഭ്യന്തര പരിശോധനകളാണ് ഞാൻ നടത്തി ക്രമപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ അട്ടപ്പാടി, നെല്ലിയാമ്പതി, പറമ്പിക്കുളം എന്നീ ആദിവാസി മേഖലകൾക്കുമാത്രമായി “കരുതൽ" എന്ന പേരിൽ ഒരു പരാതിപരിഹാര അദാലത്ത് സംസ്ഥാനത്ത് ആദ്യമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ആണ്.

സ്ഥിരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിനായി "Operation Trace", വാറണ്ട് പ്രതികളെ കണ്ടെത്തുന്നതിനായി "Operation Hunt", ലൈസൻസ്ഡ് സ്ഥാപനങ്ങൾ നിരീക്ഷിക്കുന്നതിനായി "Operation Bar Lock" തുടങ്ങിയ നൂതനപരിപാടികൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും വിമുക്തിയുടെ ഭാഗമായി ലഹരിക്കെതിരെ "നന്മമരം" എന്ന പേരിൽ ഒരു നൂതനപദ്ധതിയും പാലക്കാട് ജില്ലയിൽ വിജയകരമായി ഞാൻ നടപ്പിലാക്കി തുടർന്ന്

വരുകയുമാണ്.

തമിഴ്നാട്ടിലെ "കള്ളക്കുറിശ്ശി" എന്ന സ്ഥലത്ത് മദ്യദുരന്തം ഉണ്ടായതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ യാതൊരു അനിഷ്ടസംഭവവും ഉണ്ടാകാതിരിക്കാൻ കാര്യക്ഷമമായ മുൻ കരുതൽ ഞാൻ എടുത്തിട്ടുള്ളതും ആയതിന്റെ ഭാഗമായി ഈ ദുരന്തം തമിഴ്നാട്ടിൽ ഉണ്ടായ ഉടൻതന്നെ പാലക്കാട് ജില്ലയിലെ എല്ലാ എക്സൈസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓൺലൈൻ മീറ്റിംഗ് 21.06.2024 തിയ്യതി നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആണ്.

കൂടാതെ ഇക്കാര്യങ്ങൾക്കായി ഞാൻ വാളയാർ ചെക്ക്പോസ്റ്റിലെ സർക്കിൾ ഇൻസ്പെക്ടറുമായി 03.07.2024 തിയ്യതിയിൽ ബഹു. കോയമ്പത്തൂർ ജില്ലാ പോലീസ് മേധാവിയെ നേരിൽകണ്ട് സ്ഥിതിഗതികൾ ചർച്ച ചെയ്തിട്ടുള്ളതും തമിഴ്നാട്ടിലേയും പാലക്കാട് ജില്ലയിലെ അതിർത്തി മേഖലയിലെ പോലീസ്-എക്സൈസ് ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് 11.07.2024 തിയ്യതിയിൽ ഒരു ഓൺലൈൻ മീറ്റിംഗ് നടത്തിയിട്ടുള്ളതും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിന്റെ ഭാഗമായി 13.07.2024 തിയ്യതിയിൽ എക്സൈസ് ചെക്ക്പോസ്റ്റ് വാളയാറിലും 20.07.2024 തിയ്യതിയിൽ എക്സൈസ് ചെക്ക്പോസ്റ്റ് മീനാക്ഷിപുരത്തും 29.07.2024 തിയ്യതിയിൽ എക്സൈസ് ചെക്ക്പോസ്റ്റ് ഗോപാലപുരത്തും തമിഴ്നാട് പോലീസുമായി ചേർന്ന് സംയുക്ത വാഹനപരിശോധനകൾ നടത്തിയിട്ടുള്ളതും ആണ്. ടി വിഷയത്തിൽ ബഹു. പാലക്കാട് ജില്ലാ കളക്ടർ, ബഹു. പാലക്കാട് ജില്ലാ പോലീസ് മേധാവി എന്നിവരെ ഞാൻ നേരിൽ കണ്ടും സ്ഥിതിഗതികൾ ധരിപ്പിച്ചിട്ടുള്ളതാണ്.

കൂടാതെ, ലോകസഭ ഇലക്ഷൻ 2024 സമയത്ത് പാലക്കാട് ജില്ലയിൽ, ഇലക്ഷൻ പെരുമാറ്റചട്ടത്തിന്റെ ഭാഗമായി മറ്റു ജില്ലകളിലെ ഓഫീസർമാരെയാണ് മിക്ക ഓഫീസുകളിലും Station House Officer-മാരായി നിയമിച്ചിരുന്നത്. ടിയാൻമാർക്ക് പാലക്കാട് ജില്ലയിലെ പ്രവർത്തനങ്ങൾക്ക് മുൻപരിചയമില്ലായിരുന്നു. എന്നിരുന്നാലും ടിയാൻമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗപ്പെടുത്തി എക്സൈസ് വകുപ്പ് മികച്ച പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. എല്ലാ സബ്ഓഫീസുകളേയും ഏകോപിപ്പിച്ചുകൊണ്ടും യഥാസമയം വിവിധ ഓഫീസുകളെ പങ്കെടുപ്പിച്ചുകൊണ്ടും നിരവധിയായ മീറ്റിംഗുകൾ നടത്തി ലോക്സഭ ഇലക്ഷൻ സമയത്ത് യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടാകാത്ത രീതിയിൽ മികച്ച പ്രവർത്തനമാണ് എന്റെ മേൽനോട്ടത്തിൽ പാലക്കാട് ജില്ലയിൽ നടത്തിയിട്ടുള്ളത്. ഇലക്ഷൻ സമയത്ത് വ്യാജങ്ങൾ പിടികൂടിയതിൽ മൂന്നാം സ്ഥാനത്തായിരുന്നു പാലക്കാട് ജില്ല (അവലംബം: ഇലക്ഷൻ സമയത്തെ ESMS അപ്ലിക്കേഷൻ). ടി പ്രവർത്തനങ്ങൾ പരിഗണിച്ച് ബഹു. പാലക്കാട് ജില്ലാ കളക്ടർ അവർകൾ എനിക്ക് അനുമോദനക്കത്തും നൽകിയിട്ടുള്ളതുമാണ്.

കൂടാതെ ഉദ്ദേശം 1400 എണ്ണം അന്തർജില്ല/അന്തർ റേഞ്ച് കള്ളുകടത്ത്

പെർമിറ്റുകൾ അനുവദിക്കൽ, ഉദ്ദേശം 760 എണ്ണം കള്ളുഷോപ്പുകളുടെയും 90 എഫ്.എൽ-3/എഫ്. എൽ-1/എഫ്.-എൽ-9/ബിയർ പാർലറുകളുടെയും ലൈസൻസുകൾ നല്കൽ എന്നിവയടക്കമുള്ളവയുടെ ലൈസൻസ് പുതുക്കൽ അടക്കമുള്ള കാര്യങ്ങളും ഞാൻ യാതൊരു പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇടനല്കാതെ നിറവേറ്റിയിരുന്നു.

എക്സൈസ് വകുപ്പിൽ 2004-ൽ എക്സൈസ് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ച് സർക്കിൾ ഇൻസ്പെക്ടർ, അസി.എക്സൈസ് കമ്മീഷണർ എന്നീ വിവിധ തസ്തികകളിൽ ജോലി ചെയ്ത ഞാൻ നാളിതുവരെ യാതൊരു അച്ചടക്കനടപടികൾക്കും, ആക്ഷേപങ്ങൾക്കും വിധേയമാകാതെ ആത്മാർത്ഥമായി ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥനാണ്. എക്സൈസ് വകുപ്പിന്റെ യശസ് ഉയർത്തുന്ന പ്രവർത്തനങ്ങൾ നടത്തിയതിന് ബഹു. മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 2015-ലും, അസി.എക്സൈസ് കമ്മീഷണർ തസ്തികയിൽ 2022-ലും എനിക്ക് ലഭിച്ചിട്ടുള്ളതാണ്. കൂടാതെ, 2022-23 വർഷത്തെ മൂന്നാം പാദത്തിലെ കർമ്മശ്രേഷ്ഠ പുരസ്കാരവും [EXC/5630/2022-XD1, Additional Excise Commissioner (Admin) dated 26.12.2022] നിരവധിയായ ഗുഡ് സർവ്വീസ് എൻട്രികളും മറ്റു പുരസ്കാരങ്ങളും ലഭിച്ചയാളാണ് ഞാൻ. കർമ്മശ്രേഷ്ഠ പുരസ്കാരം ലഭിച്ച ആദ്യത്തെ അസി.എക്സൈസ് കമ്മീഷണർ ഞാനായിരുന്നു.

ടി സാഹചര്യത്തിൽ, പ്രമോഷൻ ലഭിച്ച് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തസ്തികയിൽ ആദ്യമായി പാലക്കാട് ജില്ലയിൽ ചുമതലയേറ്റ എന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലായെന്നും ഈ കാര്യങ്ങൾ എല്ലാം നിയമപ്രകാരമാണ് ചെയ്തിട്ടുള്ളതെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ഉണ്ടാകാതിരിക്കാനായി ജാഗ്രതയോടെ പ്രവർത്തിച്ചുകൊള്ളാമെന്നും സവിനയം ബോധിപ്പിച്ചുകൊള്ളുന്നു.

മേൽ വിവരിച്ച വിശദീകരണങ്ങൾ പരിഗണിച്ച് എനിക്കെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു."

8) നേരിൽകേട്ട വേളയിൽ ടിയാൻ ബോധിപ്പിച്ച കാര്യങ്ങൾ, പ്രതിവാദപത്രിക, ആയതിനോടൊപ്പമുള്ള രേഖകൾ എന്നിവ പരിശോധിച്ചതിൽനിന്നും ചുവടെ ചേർക്കുന്ന കണ്ടെത്തലുകളിൽ എത്തിച്ചേരുകയുണ്ടായി:

i) 2023-24 സാമ്പത്തികവർഷം പട്ടഞ്ചേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് വിമുക്തി പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. GeM മുഖേന വാങ്ങാൻ സാധിക്കുന്ന ഉപകരണങ്ങൾ 3,59,843/- രൂപയ്ക്ക് വാങ്ങുകയുണ്ടായി. GeM മുഖേന വാങ്ങാൻ കഴിയാത്ത (ലഭ്യമല്ലാത്ത) കളി ഉപകരണങ്ങൾ

അവശേഷിക്കുന്ന തുകയായ **1,40,157/-**രൂപയ്ക്ക് വാങ്ങുന്നതിനായി സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ക്വാട്ടേഷനുകൾ ക്ഷണിക്കുകയും, ഏറ്റവും കുറഞ്ഞ ക്വാട്ടേഷൻ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽനിന്നും, **70240/-** രൂപയുടെ പർച്ചേസ് ഓർഡറും, **67,410/-** രൂപയുടെ പർച്ചേസ് ഓർഡറും നൽകി കളി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായാണ് കാണുന്നത്. ആയതിൽ ക്രമക്കേടുകൾ ഒന്നും കാണുന്നില്ല. മാത്രമല്ല, സാമ്പത്തികവർഷത്തിന്റെ അവസാന നാളുകളിൽ **(15/02/2024)**-ൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായി ചാർജ് എടുത്ത ശ്രീ.റോബർട്ട് വി. തന്റെ മുൻഗാമി ക്രമാനുസരണം സ്വീകരിച്ച നടപടികൾ ത്വരിതപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും കാണുന്നു. ആയതിനാൽതന്നെ വിമുക്തി പദ്ധതിയുടെ ഭാഗമായി സ്പോർട്സ് മെറ്റീരിയൽസ് വാങ്ങിയതിൽ ശ്രീ.റോബർട്ട് വി-ടെ ഭാഗത്തുനിന്നും സുതാര്യതയില്ലായ്മ ഉള്ളതായി കാണുന്നില്ല.

**ii)** രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നതായി കാണുന്നില്ലായെന്ന ക്രമക്കേടാണ് അടുത്തതായി വിജിലൻസ് വകുപ്പ് ചൂണ്ടികാണിച്ചിരിക്കുന്നത്. അരിഷ്ടാസവങ്ങളുടെ നിർമ്മാണ/വില്പനയുമായി ബന്ധപ്പെട്ട് നൽകുന്ന ലൈസൻസുകൾ സംബന്ധിച്ച രജിസ്റ്ററുകൾ ആണ് വിജിലൻസ് അധികൃതർ ഉദ്ദേശിച്ചതെങ്കിൽ പ്രസ്തുത ലൈസൻസുകൾ എല്ലാംതന്നെ **'Service Plus'** എന്ന പോർട്ടലിലൂടെ ഓൺലൈൻ ആയാണ് കൈകാര്യം ചെയ്തുവരുന്നതെന്നും, ആയതിനായി പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട ആവശ്യമില്ലായെന്നും കാണുന്നു. ബന്ധപ്പെട്ട **Fixed Fee** രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ അടക്കം യഥാസമയം രേഖപ്പെടുത്തിയിട്ടുണ്ടെന്നും കാണുന്നുണ്ട്. ആയതിനാൽതന്നെ, പ്രസ്തുത കാര്യത്തിലും ശ്രീ.റോബർട്ട് വി-ടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടില്ലായെന്ന് കാണാവുന്നതാണ്.

**9)** മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഈ വിഷയത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായിരുന്ന ശ്രീ.റോബർട്ട് വി.ക്കെതിരെ അച്ചടക്കനടപടി തുടരേണ്ടുന്ന എന്തെങ്കിലും വീഴ്ചകൾ ഉണ്ടായതായി കാണുന്നില്ലായെന്ന് സർക്കാരിന് ബോധ്യപ്പെടുകയുണ്ടായി.

**10)** മേൽ സാഹചര്യത്തിൽ, പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആയിരുന്ന (നിലവിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ) ശ്രീ.റോബർട്ട് വി.ക്കെതിരായ അച്ചടക്കനടപടി മേൽനടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

**1.** എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2. ശ്രീ. റോബർട്ട് വി., ജോയിന്റ് എക്സൈസ് കമ്മീഷണർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനന്തപുരം, കേരളം
4. വിജിലൻസ് (എ) വകുപ്പ് (എ2/46/2025-വിജി പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/45/2025-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 16-02-2026 16:40:47